മുഴുവനുള്ള സ്റ്റേറ്റ് ഹൈവേയിലും മേജർ റോഡുകളിലേയും വർക്കുകൾ പൂർത്തിയാക്കിത്തരും.

(10) ഇരിംപിളിയം ഗവണ്മെന്റ് ഹൈസ്കൂൾ കെട്ടിട നിർമ്മാണം

<u>ശ്രീ. കെ.പി.എ. മജീദ്</u> : സർ, എന്റെ നിയോജകമണ്ഡലത്തിലെ ഇരിംപിളിയം ഗവണ്മെന്റ് ഹൈസ്കൂൾ കെട്ടിടത്തിന്റെ പ്രശ്നമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അറുപത്തിയെട്ടു ലക്ഷം രൂപയുടെ എസ്റ്റിമേറ്റോടുകൂടി ഒരു മൂന്നു നില കെട്ടിടത്തിന് ടെൻഡർ ക്ഷണിച്ച് പണി യാരംഭിച്ചതാണെങ്കിലും മൂന്നാലു വർഷമായി പണി തടസ്സപ്പെട്ടുകിടക്കുക യാണ്. ഇരുപത്തിയഞ്ചു വർഷം പിന്നിട്ട ഈ വിദ്യാലയത്തിൽ ഇന്ന് 1850 കുട്ടികളോളം പഠിക്കുന്നുണ്ട്. ഇരുപത് ഡിവിഷന് മാത്രമാണ് ഇപ്പോൾ സൗക ര്യമുള്ളത്. അത് രണ്ടു സെക്ഷനുകളായി പത്ത് ക്ളാസു മുറികളിൽ ക്ളാസ് നടക്കുകയാണ്. ഒരു ക്ളാസിൽ ശരാശരി 93 കുട്ടികളാണ് ഉള്ളത്. ഇന്നത്തെ ഈ സെക്ഷൻ സമ്പ്രദായം ഒഴിവാക്കണമെങ്കിൽ മുപ്പത്തിരണ്ടു ക്ളാസ് മുറി കൾ കൂടി അത്യാവശ്യമായിരിക്കുകയാണ്. ഇപ്പോൾ വിദ്യാലയങ്ങളുടെ കെട്ടിട ജോലികൾ ജില്ലാ പഞ്ചായത്തിനാണ് കൈമാറിയിട്ടുള്ളത്. ഈ നിയമം വരുന്നതിനുമുൻപ് ടെൻഡർ ചെയ്ത് പണി കൊടുത്ത് കരാറുകാരൻ ഭാഗിക മായി പണി നടത്തിയതുകൊണ്ട് ജില്ലാ പഞ്ചായത്തുകൾക്ക് പണി ചെയ്യാൻ കഴിയാത്ത സ്ഥിതിവിശേഷമാണ് ഉണ്ടായിരിക്കുന്നത്. സ്വാഭാവികമായും പൊതുമരാമത്തു വകുപ്പുതന്നെ കെട്ടിടത്തിന്റെ പണിപൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിച്ചില്ലാെങ്കിൽ വളരെ പ്രയാസകരമായ സ്ഥിതിവിശേ ഷമുണ്ടാകും. ഈ പഞ്ചായത്തിലുള്ള ഏക ഗവണ്മെന്റ് ഹൈസ്കൂൾ ആണ് ഇത്. ആ വിദ്യാലയം മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്ത സ്ഥിതിവിശേ ഷമാണ് വന്നിരിക്കുന്നത്. ഇതിന്റെ പണി പൂർത്തീകരിക്കണം. കരാറുകാരെ മാറ്റിയിട്ടെങ്കിലും പുതിയ ടെൻഡർ ക്ഷണിച്ച് കരാറുകാരെ ഏൽപ്പിച്ച് ഈ കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കാൻ ആവശ്യമായ അടിയന്തിര നടപടി കൾ സ്വീകരിക്കണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി <u>(ശ്രീ. പി.ജെ. ജോസഫ്)</u> : സർ, ഈ കരാർ അനുസരിച്ച് പണി പൂർത്തിയാക്കേണ്ട കാലാവധി ഒരു കൊല്ലമായിരുന്നു. എങ്കിലും കരാറുകാരൻ ഇതുവരെ ഫൗണ്ടേഷനും ബെയ്സ്മെന്റും മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. കരാറുകാരന് നിരന്തരം നോട്ടീസ് നൽകിയിട്ടും ബാക്കി പണികൾ നടത്താത്തതിനാൽ കരാറുകാരന്റെ ഉത്തരവാദിത്വത്തിലും ബാദ്ധ്യതയിലും ബാക്കി പണികൾ പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. അത് ക്യാൻസൽ ചെയ്ത് പുതി യതായി അറേഞ്ച് ചെയ്യുന്നതാണ്.

(11) സംസ്ഥാനത്തെ മുഴുവൻ റോഡുകളും സമയബന്ധിതമായി റിപ്പയർ ചെയ്യേണ്ടത് സംബന്ധിച്ച്

<u>ശ്രീ. തമ്പാനൂർ രവി</u> : സർ, യഥാർത്ഥത്തിൽ റൂൾ 130-ഓ, 58-ഓ അനു സരിച്ച് ഈ സഭയിൽ ചർച്ച ചെയ്യേണ്ട വിഷയമാണിത്. ബഹുമാനപ്പെട്ട ശ്രീ. ജി. കാർത്തികേയൻ പറഞ്ഞപ്പോൾ തന്നെ ഈ സഭയുടെ വികാരം ബഹുമാ നപ്പെട്ട ഗവണ്മെന്റിന് മനസ്സിലായി കാണുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. സർ നമുക്ക് പതിനായിരം കിലോമീറ്റർ മേജർ ഡിസ്ട്രിക്ട് റോഡും ഉണ്ട്. ഏറ്റവും വലിയ പ്രശ്നമാണ്. അങ്ങ് ഇത് ശ്രദ്ധിക്കണം. ഒന്നാമതായി ടാർ ലഭി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. രണ്ടാമത്തെ കാര്യം കോൺട്രാക്ടർമാർക്ക് ഏതാണ്ട് 500 കോടി രൂപ ബാക്കി കൊടുക്കാനുണ്ട്. ഞാൻ മന്ത്രിയെ കുറ്റം പറഞ്ഞതല്ല. ടാറിന്റെ കാര്യത്തെ സംബന്ധിച്ച് പണ്ട് ഇവിടെ ഒരു കാര്യമുണ്ടായിരുന്നു. നമുക്ക് ടാർ തരുന്നത് ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ, ഭാരത് പെട്രോളിയം, ഹിന്ദുസ്ഥാൻ പെട്രോളിയം എന്നീ കേന്ദ്ര ഗവണ്മെന്റിന്റെ മൂന്നു സ്ഥാപനങ്ങളാണ്. പണ്ട് ഇവിടെ ബുക്ക് അഡ്ജസ്റ്റുമെന്റ് വഴി ടാർ കിട്ടുമായിരുന്നു. ഇപ്പോൾ എന്താ സ്ഥിതി, ഗവണ്മെന്റ് നേരിട്ട് കാശ് ഒടുക്കണം. ഇൻഡ്യയിലെ മറ്റു പല സംസ്ഥാനങ്ങളും കേന്ദ്ര ഗവണ്മെന്റുമായി ധാരണയുണ്ടാക്കിയിട്ട് ബുക്ക് അഡ്ജസ്റ്റുമെന്റ് വഴി ആവശ്യമുള്ള ടാർ വാങ്ങുമ്പോൾ കേരളത്തിൽ 'കൈയിലെ കാശ് വായിലെ ദോശ' എന്ന സ്ഥിതിയാണ്. ഡ്രാഫ്റ്റ് കൊടുത്താലേ ടാർ തരൂ. ഈ പെട്രോളിയം കമ്പനികളുടെ വേസ്റ്റ് പ്രോഡക്ട്സാണ് ടാർ. സ്ട്രിക്ട് ആക്കേണ്ട ഒരു കാര്യവുമില്ല. അങ്ങ് ചെയ്യേണ്ട ഒരു കാര്യം കേന്ദ്ര ഗവണ്മെന്റുമായി ടേക്കപ്പ് ചെയ്ത് ഈ മൂന്നു കേന്ദ്ര ഗവണ്മെന്റ് കമ്പനികളിൽ നിന്ന് ബുക്ക് അഡ്ജസ്റ്റുമെന്റിൽ മുൻപ് ചെയ്ത മാതിരി ടാർ കിട്ടാൻ നടപടി സ്വീകരിക്കണം.

[11 A.M.] സർ, നമ്പർ 2, കോൺട്രാക്ട്രർമാരുടെ കുടിശ്ശികയാണ്. അങ്ങനെ ഞാൻ കുറ്റം പറയുന്നില്ല. ഇന്നലെ ശ്രീ. സുധാകരന്റെ സബ്മിഷന് അങ്ങ് നന്നായി മറുപടി പറഞ്ഞു. ഗവണ്മെന്റ് ഇതിൽ വളരെ താല്പര്യം കാണിക്കണം. ഈ വർഷത്തെ ബഡ്ജറ്റിൽ 88 കോടി രൂപയാണ് റോഡ് മെയിന്റനൻസിന് വച്ചിരിക്കുന്നത്. നമുക്ക് 300 കോടി രൂപ വേണം. ബഡ്ജറ്റിൽ പ്രൊവിഷൻ കൂട്ടി, യുദ്ധകാലാടിസ്ഥാനത്തിൽ എവിടെ നിന്നെങ്കിലും കാശ് ഉണ്ടാക്കി റോഡ് മെയിന്റനൻസ് ചെയ്യണം. എം.എൽ.എ. മാർക്ക് റോഡിൽക്കൂടി നടക്കാൻവയ്യ. നമ്മുടെ വണ്ടി ചെന്നാൽ റോഡിൽ എവിടെയെങ്കിലും ഒരു കുഴി കണ്ടാൽ ജനപ്രതിനിധികളെ കയ്യേറുന്ന സ്ഥിതിയാണുള്ളത്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു റോഡപകടം കുറഞ്ഞുവെന്ന്. അത് തെറ്റാണ്. മെഡിക്കൽ കോളേജ് ആശുപത്രി, ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി, പ്രൈവറ്റ് ആശുപത്രി അവിടെയൊക്കെ പോയി കണക്കെടുത്ത് റോഡ് അപകടത്തിന്റെ എണ്ണം പരിശോധിച്ചാൽ കേരളത്തിലെ റോഡുകളുടെ ദയനീയ സ്ഥിതി മനസ്സിലാകും. അതുകൊണ്ട് ടാർ Book adjustment-ൽ ലഭിക്കാൻവേണ്ടി ബഡ്ജറ്റിൽ തുക കൂട്ടാൻവേണ്ടി എവിടെനിന്നെങ്കിലും തുക കണ്ടെത്തി യുദ്ധകാലാടിസ്ഥാനത്തിൽ റോഡ് മെയിന്റനൻസ് നടത്താനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ഗവണ്മെന്റിനോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ടാറിന്റെ കാര്യത്തെക്കുറിച്ച് 1996 വരെയുണ്ടായിരുന്നത് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. നമ്മുടെ സംസ്ഥാനത്ത് ആവശ്യമുള്ള ടാർ പൊതുമേഖലാസ്ഥാപനങ്ങൾ തരും. പിന്നീട് ഗവണ്മെന്റ് ഓഫ് ഇൻഡ്യയിൽനിന്ന് ഫണ്ട് കിട്ടാനുള്ളത് കുറവ് ചെയ്യും. അങ്ങനെ over and above പി.ഡബ്ല്യു.ഡി. ബഡ്ജറ്റിലാണ് ടാർ കിട്ടിക്കൊണ്ടിരിക്കുന്നത്. പക്ഷേ, 1996-നു ശേഷം പൈസ അടച്ചാൽ മാത്രമേ ടാർ തരൂ എന്നുള്ള നിലപാട് സ്വീകരിച്ചു. ഇതുമാത്രമല്ല, കെ.എസ്.ആർ.ടി.സി. ക്ക് ഡീസൽ കൊടുക്കുന്നതും അങ്ങനെയാണ്. പൈസ അടച്ചാലേ കൊടുക്കൂ. അത് കർശനമായ ഒരു നിലപാടാണ്. അപ്പോഴപ്പോൾ പൈസ അടച്ചാലേ ടാർ തരൂ. സാമ്പത്തിക ബുദ്ധിമുട്ട് കാരണം നമുക്ക് കൃത്യമായി പൈസ അടക്കാൻ കഴിയുന്നില്ല. എങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

വലിയ വീഴ്ച കൂടാതെ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോവുകയാണ്. ചില പ്രദേശങ്ങളിൽ റോഡുകൾ മോശമായിട്ടുണ്ടാകും. പക്ഷേ, തിരുവനന്തപുരം സിറ്റിക്കകത്ത് ഒന്ന് യാത്രചെയ്യുക. മഴക്കാലത്ത് റോഡ് പൊട്ടിപൊളിയുന്നത് എത്രയോകാലം മുമ്പ് തീർത്ത റോഡുകളാണ്. റോഡുകളുടെ സബ്ഗ്രേഡ് മോശമാണ്. മുപ്പതും നാല്പതും ടൺ ഭാരമുള്ള വണ്ടികൾ മഴയത്ത് കുതിർന്ന റോഡിൽ കയറുമ്പോൾ റോഡ് പൊട്ടിപ്പൊളിയും. പിന്നീട് കുറഞ്ഞ മാസങ്ങൾ കൊണ്ടുവേണം റിപ്പയർ ചെയ്യാനുള്ളത്. അതുകൊണ്ട് അങ്ങനെയുള്ള വർക്കുകൾ, മഴ മാറിയ സമയംകൊണ്ട് സിറ്റിക്ക് അകത്ത് പി.ഡബ്ല്യൂ.ഡി. മെയിന്റയിൻ ചെയ്യുന്ന റോഡുകളെ സംബന്ധിച്ച് എനിക്ക് നല്ല നിശ്ചയമുണ്ട്. ഒരിടത്തും കുഴിയില്ല. ഉണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കാം.

<u>ശ്രീ. ബി. വിജയകുമാർ</u> : അല്ലാത്ത റോഡുകളുണ്ട്.

<u>ശ്രീ. പി.ജെ. ജോസഫ്</u> : അല്ലാത്ത റോഡുകളുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ മതി. മേജർ ഡിസ്ട്രിക്ട് റോഡും സ്റ്റേറ്റ് ഹൈവേയും പരിശോധിക്കണം.

<u>ശ്രീ. ബി. വിജയകുമാർ</u> : സർ, ഞാൻ എഴുതിത്തരാം.

<u>ശ്രീ. പി.ജെ. ജോസഫ്</u> : സർ, എനിക്ക് കിട്ടിയ റിപ്പോർട്ട് അനുസരിച്ച് ഇല്ല. അങ്ങനെ വല്ലതുമുണ്ടെങ്കിൽ തെറ്റായ റിപ്പോർട്ട് തന്ന ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുക്കാം. സിറ്റിക്ക് അകത്തെ റോഡിൽ ഒരിടത്തും ഒരു കുഴിയുമില്ലെന്ന് റിപ്പോർട്ട് തന്നിരിക്കുകയാണ്. അങ്ങനെയുണ്ടെങ്കിൽ അത് എഴുതിതന്നാൽ പ്രത്യേകമായിട്ട് പരിശോധിക്കാം. ഞാൻ റോഡിൽ കൂടി കാസർഗോഡ് വരെ യാത്ര ചെയ്യുമ്പോൾ മുഴുവൻ റോഡും നോക്കിയും വഴിക്ക് ഇറങ്ങിയുമാണ് പോകുന്നത്. മിക്കവാറും വർക്കുകൾ തീർന്നിട്ടുണ്ട്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, പെരുമ്പാവൂരിൽ ഇറങ്ങിയത് അറിയാം.

<u>ശ്രീ. പി.ജെ. ജോസഫ്</u> : സർ, കാലടി മുതൽ പെരുമ്പാവൂർ വരെയുള്ള മുഴുവൻ പണിയും തീർന്നു. അതുപോലെ ആലുവായിലേത് മുഴുവൻ പണി തീർന്നു. തൃശൂർ ജില്ലയിൽ നിന്നുള്ള എം.എൽ.എ. മാർ പറയട്ടെ. റോഡുകൾ ഇത്രയും നന്നായ ഒരു കാലഘട്ടം ഉണ്ടായിട്ടുണ്ടോ? ഓരോ മേഖലയെപ്പറ്റിയും എനിക്ക് പറയാൻ കഴിയും. അതുകൊണ്ട് ടാറിന്റെ കാര്യത്തെക്കുറിച്ച് പറഞ്ഞതിന് മുമ്പുണ്ടായിരുന്ന ഒരു രീതി പുനഃസ്ഥാപിക്കാൻ വീണ്ടും ശ്രമം നടത്തിനോക്കാം.

<u>ശ്രീ. പാലോട് രവി</u> : സർ, ടെന്റർ ചെയ്യുന്ന ഒരു വർക്കും എടുക്കുന്നില്ലെന്നുള്ളത് ശരിയാണോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : സർ, ടെന്റർ ചെയ്യുന്ന ഒരു വർക്കും എടുക്കുന്നില്ലെന്നുള്ളത് ശരിയല്ല. മലബാർ ഭാഗത്ത് ടെന്റർ ചെയ്യുന്ന മുഴുവൻ വർക്കുകളും എടുക്കുന്നുണ്ട്. ചില ഏരിയായിൽ എടുക്കുന്നില്ല. തിരുവനന്തപുരം ജില്ലയിലും ചില ഭാഗങ്ങളിലും എടുക്കുന്നില്ല, ചില ഭാഗങ്ങളിൽ എടുക്കുന്നുണ്ട്. ചുരുക്കം ചില സ്ഥലങ്ങളിലാണ് എടുക്കാത്തത്. ആ ഭാഗങ്ങളിൽ പ്രത്യേകമായി ശ്രദ്ധിക്കാം. അവിടെയുള്ള കുഴികൾ നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കാം.

(12) കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ വോൾട്ടേജ് ക്ഷാമം

<u>ശ്രീ. പി. വിശ്വൻ</u> : സർ, എന്റെ നിയോജകമണ്ഡലത്തിലെ കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ ജനങ്ങൾ നേരിടുന്ന വൈദ്യുതിയുമായി ബന്ധ

LIBRARY ARCHIVES Kerala Legislative Assembly